## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 80** **10/06/2019 -ന് മറുപടിക്ക്**

## <u>ജലനയം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ | കെ. കൃഷ്ണൻകുട്ടി<br>ജലവിഭവ വകുപ്പ് മന്ത്രി |
| (എ) പ്രളയദുരന്തം ആവർത്തിക്കാതിരിക്കുന്നതിനായി നെതർലാൻഡ്സ് സർക്കാരിന്റെ മാതൃകയിൽ ജലനയം രൂപീകരിക്കണമെന്ന്, പ്രളയത്തെ സംബന്ധിച്ച് പഠിച്ച യു.എൻ. സംഘം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ അവർ സമർപ്പിച്ചിട്ടുണ്ടോ; | (ബി) പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ജലനയം രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) സംസ്ഥാനത്ത് 2008ൽ രൂപീകരിച്ച ഒരു ജലനയം നിലവിലുണ്ട്. എന്നാൽ കേന്ദ്ര ജലനയം 2012ൽ പുതുക്കിയത് കണക്കിലെടുത്തും കഴിഞ്ഞ 11 വർഷങ്ങളിൽ സംസ്ഥാനത്തെ ജലവിഭവ രംഗത്ത് വന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യകതകൾ എന്നിവ പരിഗണിച്ചു കൊണ്ടും കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ ജലവിഭവ നിർവ്വഹണരംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത ജലനയത്തിൽ ആവശ്യ |

മായ മാറ്റങ്ങൾ വരുത്തി പുതിയ ജല നയം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ ജലത്തിന്റെ ലഭ്യത യിൽ വന്നിട്ടുള്ള കുറവും ജനസംഖ്യ, ജലത്തിന്റെ ദുരുപയോഗം എന്നിവ യിലുണ്ടായ ഗണ്യമായ വർദ്ധനവ് എന്നിവ കണക്കിലെടുത്തും ജലസ്രോ തസ്സുകളെ സംരക്ഷിച്ച് അവയുടെ മലിനീകരണം തടഞ്ഞും ജലലഭ്യത ഉറപ്പ് വരുത്തി ശുദ്ധമായ ജലം എല്ലാപേർക്കും നീതിപൂർവ്വം നൽകാ മെന്നതാണ് ഈ നിർദ്ദിഷ്ട ജലനയ ത്തിന്റെ ഉദ്ദേശ്യം. ഇതിനായി ജലവിഭവവകുപ്പ് സെക്രട്ടറി അദ്ധ്യ ക്ഷനായി ഒരു പത്തംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജലപരി പാലന രീതികളിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും 2018 ഓഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തല ത്തിൽ, പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോ ജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. പുതിയ നയം രൂപീകരിക്കുമ്പോൾ കേരള ത്തിൽ സന്ദർശനം നടത്തിയ ഐക്യരാഷ്ട്ര സഭയുടെ UNDP സംഘവും നെതർലാന്റ്സ് സംഘവും മുന്നോട്ട് വച്ചിട്ടുള്ള River Basin Conservation and Management Authority രൂപീകരിക്കണമെന്നുമുള്ള ആവശ്യം, ഭാവിയിലെ ജലലഭ്യതയുടെയും ആവ ശ്യകതയുടെയും അടിസ്ഥാനത്തിലുള്ള

പഠനവും പദ്ധതികളുടെയും രൂപീകരണവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ Drafting Committee പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**